പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 248 — 10.06.2013 ൽ മറുപടിക്ക്

കെ.എ.പി. അഞ്ചാം ബറ്റാലിയൻ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| (എ) ആഭ്യന്തര വകുപ്പ് മന്ത്രിയുടെ പേഴ്സണൽ സ്റ്റാഫംഗത്തിന്റെ വാഹനം നോ പാർക്കിങ്ങ് ഏരിയായിൽ പാർക്ക് ചെയ്യാൻ അനുവദിക്കാത്തതിന്റെ പേരിൽ ഏതെങ്കിലും പോലീസുകാർക്കെതിരെ ശിക്ഷാ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) നോ പാർക്കിംഗ് ഏരിയായിൽ വാഹനം പാർക്ക് ചെയ്യാൻ അനുവദിക്കാത്തതിന്റെ പേരിൽ പോലീസുകാർക്കെതിരെ ശിക്ഷണ നടപടി സ്വീകരിച്ചിട്ടില്ല. |
| (ബി) കെ.എ.പി. അഞ്ചാം ബറ്റാലിയനിലെ (മണിയാർ) മൂന്ന് പോലീസുകാരെ ഏതെങ്കിലും ശിക്ഷാനടപടിയുടെ ഭാഗമായി ഒരു മാസത്തെ കഠിന പരിശീലനത്തിനായി പേരൂർക്കട എസ്.എ.പി. ക്യാമ്പിലേക്ക് അയച്ചിട്ടുണ്ടോ; | (ബി) & (സി) മേൽ പരാമർശിച്ച തരത്തിലുള്ള ശിക്ഷാ നടപടിയുടെ ഭാഗമായി കെ.എ.പി അഞ്ചാം ബറ്റാലിയനിൽ നിന്നും കഠിന പരിശീലനത്തിനായി എസ്.എ.പി ക്യാമ്പിൽ മൂന്ന് പോലീസുകാരെ അയച്ചിട്ടില്ല. |
| (സി) ഏത് സംഭവവുമായി ബന്ധപ്പെട്ടാണ് പ്രസ്തുത ശിക്ഷാനടപടിയെന്ന് വ്യക്തമാക്കാമോ? | |

സെക്ഷൻ ഓഫീസർ